

ബാബ്ല
കഥപറയുന്നു-2

# വിദ്യാഭ്യാസം

**ഗാന്ധിജിയുടെ സെക്രട്ടറിയായിരുന്ന മഹാദേവ് ദേശായിയുടെ മകൻ നാരായൺ ദേശായ് ചെറുപ്പത്തിൽ 20 വർഷം ഗാന്ധിജിയോടൊപ്പം കഴിഞ്ഞതിന്റെ അനുഭവങ്ങൾ കൂട്ടുകാർക്കായി പങ്കുവയ്ക്കുന്നു. സാധാരണക്കാരിൽ സാധാരണക്കാരനായ ഗാന്ധിയെ എന്തുകൊണ്ടാണ് എല്ലാവരും മഹാത്മാ എന്ന് വിളിക്കുന്നതെന്ന് ബാപ്പുവിന്റെ സ്വന്തം ബാബ്ലയായ നാരായൺ ദേശായി ഈ കഥകളിലൂടെ നമുക്ക് പറഞ്ഞുതരുന്നു.**



കഴിഞ്ഞ എഴുപത്തിയഞ്ചു കൊല്ലക്കാലങ്ങളായി സ്വന്തം കൈകൾ കൊണ്ട് നൂറ്റ വസ്ത്രങ്ങളാണ് ഞാൻ ധരിച്ചു കൊണ്ടിരിക്കുന്നത്. ഇപ്പോഴും ദിവസവും ഒന്നോ രണ്ടോ മണിക്കൂറുകൾ നൂൽനൂൽപ്പിനായി മാറ്റിവയ്ക്കാറുണ്ട്. ദിവസങ്ങൾ നീണ്ടുനിൽക്കുന്ന യാത്രകൾക്കിടയിലും നൂൽനൂൽപ്പ് മുടക്കാതിരിക്കാൻ കയ്യിൽ ഒരു പെട്ടി ചർക്ക കരുതിവെക്കാറുണ്ട്. ട്രയിനിലും മറ്റു താമസസ്ഥലങ്ങളിലും വെച്ച് നൂൽനൂൽക്കുമ്പോൾ ആളുകൾ പ്രത്യേകിച്ചും നിങ്ങളുടെ പ്രായത്തിലുള്ള കുട്ടികൾ എന്റെ അടുത്തു വന്ന് നൂൽനൂൽക്കുന്നത് നോക്കിനിൽക്കുന്നത് പതിവാണ്. അങ്ങനെയൊരിക്കൽ നൂൽനൂൽക്കുന്ന അവസരത്തിൽ ഒരു കുട്ടി എന്നോട് ചോദിക്കുകയുണ്ടായി.

കാക്കാ, (വലിയച്ഛൻ) താങ്കളെപ്പോഴാണ് നൂൽനൂൽക്കാൻ പഠിച്ചത്? അതിനുള്ള എന്റെ മറുപടി ഒരു മറുചോദ്യമായിരുന്നു. മോനെപ്പോൾ മുതലാണ് അമ്മയെ അമ്മയെന്നു വിളിക്കാൻ തുടങ്ങിയത്? ഓർത്തെടുക്കാൻ പ്രയാസമാണല്ലേ? അതുപോലെ തന്നെയാണ് എനിക്ക് നൂൽനൂൽപ്പും ആശ്രമത്തിൽ വളരെ കുഞ്ഞായിരുന്ന കാലത്തു തന്നെ ചർക്കയിൽ നൂലെടുക്കുക പരിശീലിച്ചിരുന്നു. പലപ്പോഴും മണിക്കൂറുകളോളം ഇത് നീണ്ടു പോകുമായിരുന്നു. ഒരു തവണ പോലും ഇഴ പൊട്ടാതെ നൂൽനൂൽക്കുന്നതിൽ ഞാൻ വിജയിച്ചിട്ടുണ്ട്. ആശ്രമത്തിലെ കുട്ടികൾ തമ്മിൽ ഇക്കാര്യത്തിൽ മത്സരം പോലും ഉണ്ടാകാറുണ്ടായിരുന്നു. കഴിഞ്ഞ തവണ എന്റെ പഠനം നിർത്തിയതാണല്ലോ പറഞ്ഞത്. സ്കൂൾ വിദ്യാഭ്യാസം നിർത്തിയെങ്കിലും പഠനം ആരംഭിക്കേണ്ടതുണ്ട്. മഹാത്മജിയാണെങ്കിൽ വിദ്യാഭ്യാസത്തെക്കുറിച്ച് വ്യത്യസ്ത ചിന്തയുള്ളയാളായിരുന്നു. കേവലം പുസ്തകത്തെ ആധാരമാക്കിയുള്ള പഠനം പഠനമാകുമെന്ന് അദ്ദേഹത്തിനു തോന്നിയിരുന്നില്ല. ദക്ഷിണാഫ്രിക്കയിൽ വെച്ചുതന്നെ ഇക്കാര്യത്തിൽ അന്വേഷണങ്ങൾ നടന്നിരുന്നു. എല്ലാ കാര്യത്തിലുമെന്ന പോലെ സ്വന്തം കുടുംബത്തിലായിരുന്നു പരീക്ഷണങ്ങളുടെ ആരംഭവും. സ്വന്തം കുട്ടികളെ വെള്ളക്കാരുടെ സ്കൂളിൽ അയച്ചുപഠിപ്പിക്കാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു. എന്നാൽ ഗാന്ധിജി അതിനു തുനിഞ്ഞില്ല. മാത്രമല്ല, കുട്ടികൾക്ക് മാതൃഭാഷയിൽ വിദ്യാഭ്യാസം നടത്താൻ സൗകര്യമുണ്ടായിരിക്കണമെന്ന കാര്യത്തിലും അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അതിനാൽ ഗാന്ധിജി തന്റെ രണ്ടു പുത്രന്മാരെയും ഒരു മരുമകനെയും വീട്ടിൽ വെച്ചു തന്നെയായിരുന്നു പഠിപ്പിച്ചിരുന്നത്. ഇത് ഞാൻ ജനിക്കും മുമ്പത്തെ കഥ. എന്റെ പഠനകാര്യങ്ങളിൽ താൽപര്യപൂർവ്വം ശ്രദ്ധിക്കാൻ ഗാന്ധിജി തയ്യാറായി. അദ്ദേഹത്തിന്റെ ജോലികളിൽ സഹായിക്കാൻ കൂടെക്കൂടി.

കൂട്ടത്തിൽ ചർക്ക, തറി എന്നിവ പ്രവർത്തിപ്പിക്കാനും അഭ്യസിപ്പിച്ചു. സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ് എന്നിവ പഠന വിഷയമായിരുന്നു. രാജ്കുമാരി അമൃത്കൗർ, ബൻസാലി കാക്ക, കാക്കാ കാലേൽക്കർ എന്നിവരൊക്കെ എന്റെ അധ്യാപകരായി. കൂടാതെ ആശ്രമത്തിലെത്തുന്ന പല വ്യക്തികളിൽ നിന്നും പലപല വിഷയങ്ങളിലായി എനിക്ക് ശിക്ഷണം ലഭിച്ചുകൊണ്ടിരുന്നു. ബൗദ്ധികമായ പഠനത്തോടൊപ്പം അധ്വാനവും പഠനത്തിന്റെ ഭാഗമായിരുന്നു.

ആശ്രമാന്തരീക്ഷം ശുചിത്വപൂർണ്ണമായി നിലനിർത്തുക, അതിഥികളെ സ്വീകരിക്കുകയും അവരുടെ ആവശ്യങ്ങളറിഞ്ഞ് അവ ഒരുക്കിക്കൊടുക്കുക, എന്നിവ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറി. പിതാവിന്റെ കൂടെ ബാപ്പുകവിന്റെ കത്തുകളും ലേഖനങ്ങളും ഒക്കെ ടൈപ്പ് റൈറ്ററിൽ ടൈപ്പു ചെയ്തു കൊടുക്കുന്ന ജോലികളും അന്ന് ചെയ്തിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ മൂർധന്യഘട്ടമായിരുന്നു അത്. അച്ഛൻ പലപ്പോഴും ജയിലിലായിരുന്നു. പലപ്പോഴും ജോലികൾ സ്വയം ഏറ്റെടുക്കേണ്ടിവന്നു. എന്റെ പഠനം ആശ്രമാന്തരീക്ഷത്തിൽ വെച്ച് നടന്നുവെങ്കിലും പിതാവ് ഒരുകാര്യം ആദ്യമേതന്നെ പറഞ്ഞിരുന്നു. നിനക്കറിയാം, ആശ്രമത്തിലെ അനേകം കുട്ടികൾ ഇവിടുത്തെ വിദ്യാഭ്യാസത്തിൽ താൽപര്യം നഷ്ടപ്പെട്ട് ഇംഗ്ലീഷ് പഠിക്കാൻ പോയി. അത്തരം ഉദാഹരണങ്ങൾ നിന്റെ മുന്നിലുണ്ട്. നിനക്കെന്നെങ്കിലും വെളിയിൽ പോയി ഇംഗ്ലീഷ് വിദ്യാഭ്യാസം നേടണമെന്നുണ്ടെങ്കിൽ അത് നേടാൻ മടിക്കരുത്. എന്നോടു തുറന്നുപറയാം. ഞാൻ അതിനു തടസ്സമായിരിക്കില്ല. നീയെടുത്ത തീരുമാനം മാറ്റാൻ ഞാൻ ശ്രമിക്കുകയില്ലെന്നു മാത്രമല്ല, ഞാൻ സാധ്യമായത്ര നിന്നെ പഠിപ്പിക്കുയും ചെയ്യും. എന്നാൽ എന്റെ തീരുമാനത്തിൽ മാറ്റമുണ്ടായില്ലെന്നു മാത്രമല്ല, ഈ എൺപത്തിമൂന്നാം വയസ്സിലും അതേക്കുറിച്ച് എനിക്ക് നഷ്ടബോധം തോന്നുമില്ല. പഠനവും ജോലിയും ഒക്കെയായി മുന്നോട്ടുപോകവെ ഒരുനാൾ അധ്യാപകന്റെ വേഷവും എനിക്ക് കെട്ടേണ്ടിവന്നിട്ടുണ്ട്, അത് മറ്റാരുടെയുമല്ല. സാക്ഷാൽ കസ്തൂർബയുടെ. അക്കഥ അടുത്ത തവണ.